2025 ആഗസ്റ്റ്
6
ബുധൻ

# അക്ഷരത്താൾ

ജി.എം.വി.എച്ച്.എസ്.എസ് വേങ്ങര ടൗൺ

ഐ ടി പാഠപുസ്തകത്തിലെ പത്രത്താളൊരുക്കാം, മലയാളം കേരളപാഠാവലി റസിഡന്റ്എഡിറ്റർ എന്നീ പാഠങ്ങളെ ആസ്പദമാക്കി 10 ഡി ക്ലാസിലെ കുട്ടികൾ തയ്യാറാക്കിയ പത്രം

## നവാഗതർക്ക് ആവേശമായി പ്രവേശനോത്സവം

## LSS,USS,NMMS,SSLC,+2,VHSE പ്രതിഭകളെ ആദരിച്ചു










### പ്രവേശനോത്സവം

2025-26 അധ്യയനവർഷത്തെ പ്രവേശനോത്സവം വിപുലമായ പരിപാടികളോടെ ആഘോഷിച്ചു. സ്കൂൾ ബാന്റ് ടീമിന്റെ അകമ്പടിയോടെ SPC , JRC കേഡറ്റുകൾ നവാഗതരെ വരവേറ്റു. 02/06/2025 ന് സ്കൂൾ മെയിൻ ഹാളിൽ വെച്ച നടന്ന ചടങ്ങിൽ SRG കൺവീനർ ശ്രീമതി മിനി അത്തോളി സ്വാഗതം പറഞ്ഞു. PTA പ്രസിഡന്റ് ശ്രീ. ഫൈസൽ അധ്യക്ഷത വഹിച്ചു. സ്കൂൾ ഹെഡ് മിസ്ട്രെസ് ശ്രീമതി ജ്യോതി എം കെ ചടങ്ങ് ഉദ്ഘാടനം ചെയ്തു. സ്കൂളിൽ പുതുതായി ആരംഭിച്ച കെ ജി ക്ലാസ്സുകളിലേക്കും ഒന്നാം ക്ലാസ്സിലേക്കുമുള്ള കുട്ടികളെ നെയിം റിബ്ബൺ അണിയിച്ചും കളർ ബലൂണുകളും സമ്മാനങ്ങളും ലഡുവും നൽകി ക്ലാസ്സുകളിലേക്ക് ആനയിച്ചു. മറ്റുക്ലാസ്സിലേക്കുള്ള നവാഗതരെയും ചടങ്ങിൽ പ്രത്യേകം ഉൾപ്പെടുത്തി. സീനിയർ അസിസ്റ്റന്റ് അഷ്റഫ് മാഷ്, മോളി ടീച്ചർ എന്നിവർ ആശംസകൾ നേർന്നു. സ്റ്റാഫ് സെക്രട്ടറി ശ്രീജിത്ത് മാഷ് നന്ദി അറിയിച്ചു. സ്കൂളിലെ മുഴുവൻ കുട്ടികൾക്കും പായസ വിതരണവും ഉണ്ടായിരുന്നു.

### ആദരം 2K25 :

ജി എം വി എച്ച് എസ് എസ് വേങ്ങര ടൗണിലെ 2024-25 അധ്യയന വർഷത്തെ LSS, USS, NMMS, SSLC, PLUS 2, VHSE പരീക്ഷകളിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികളെ 30/05/2025 വെള്ളിയാഴ്ച സ്കൂൾ ഓഡിറ്റോറിയത്തിൽ വെച്ച് അനുമോദിച്ചു. PTA പ്രസിഡന്റിന്റെ അധ്യക്ഷതയിൽ നടന്ന ചടങ്ങിൽ വാർഡ് മെമ്പർ ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. എച്ച് എം ജ്യോതി ടീച്ചർ സ്വാഗതം പറഞ്ഞു. ഹയർ സെക്കൻഡറി പ്രിൻസിപ്പൽ ഷംസുദ്ദീൻ സർ, VHSE പ്രിൻസിപ്പൽ ശ്രീജ ടീച്ചർ, സീനിയർ അസിസ്റ്റൻറ് അഷ്റഫ് സർ തുടങ്ങിയവർ ആശസകളർപ്പിച്ചു. തിരുവനന്തപുരത്ത് വെച്ച് നടന്ന SPC സംസ്ഥാനതല ക്യാമ്പിൽ പങ്കെടുത്ത spc കേഡറ്റിനെയും ചടങ്ങിൽ ആദരിച്ചു. മുൻ വർഷങ്ങളിൽ നിന്നും വ്യത്യസ്തമായി ബിരുദദാനചടങ്ങ് മാതൃകയിൽ പരിപാടി സംഘടിപ്പിച്ചത് ആകർഷണീയമായി. മീഞ്ചന്ത ഗവൺമെൻറ് സ്കൂളിലേക്ക് ട്രാൻസ്ഫറാകുന്ന HM ജ്യോതി ടീച്ചറിനുള്ള ഉപഹാര സമർപ്പണവും ചടങ്ങിൽ നടന്നു. സ്റ്റാഫ് സെക്രട്ടറി ശ്രീ. ശ്രീജിത്ത് പി നന്ദി രേഖപ്പെടുത്തി.



### പരിസ്ഥിതി ദിനാചരണം

ജൂൺ 5 ലോകപരിസ്ഥിതിദിനം വിപുലമായപരിപാടികളോടെ ആചരിച്ചു.



കെ ജി കുട്ടികളടക്കം പ്രവർത്തനത്തിൽ പങ്കാളികളായപ്പോൾ സ്കൂളിന്റെ എല്ലാ തലങ്ങളിലേക്കും പരിസ്ഥിതി സന്ദേശം പകരാൻ സാധിച്ചു. പ്രത്യേക അസംബ്ലി, പരിസ്ഥിതി ദിന സന്ദേശം, വൃക്ഷത്തൈ നടൽ, പോസ്റ്റർ നിർമ്മാണം, ഡോക്യുമെന്ററി പ്രദർശനം, കളറിംഗ് മത്സരം തുടങ്ങിയ പ്രവർത്തനങ്ങൾക്ക് SPC, JRC, വിവിധ ക്ലബുകൾ എന്നിവ നേതൃത്വം നൽകി.

### പാഠം ഒന്ന് - നല്ലപാഠം നല്ല മനുഷ്യനാവുക

സമഗ്രഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി , വിദ്യാർത്ഥികളിൽ മൂല്യബോധം വികസിപ്പിക്കുന്നതിന് ജൂൺ 3 മുതൽ 13 വരെ ക്ലാസധ്യാപകരുടെ നേതൃത്വത്തിൽ വിവിധ പ്രവർത്തനങ്ങൾ നടന്നു. ലഹരി-മയക്കുമരുന്ന് ഉപയോഗത്തിനെതിരെ, റോഡ് സുരക്ഷ, ഹരിത വിദ്യാലയം, ആരോഗ്യം വ്യായാമം കായികം, ഡിജിറ്റൽ അച്ചടക്കം, പൊതുമുതൽ സംരക്ഷണം, പരസ്പര സഹകരണത്തിന്റെ പ്രാധാന്യം, റാഗിംഗ്, വൈകാരിക നിയന്ത്രണം എന്നിവയെക്കുറിച്ച് കുട്ടികൾക്ക് അവബോധം നൽകി. പോസ്റ്റർ നിർമ്മാണം, റാലി, പത്രകട്ടിംഗ് പ്രദർശനം, പ്രതിജ്ഞ എന്നിവ ഇതിന്റെ ഭാഗമായി നടന്നു

### വായനവാരാചരണം

ജൂൺ 19 വായനദിനം ആചരിച്ചു. 19 മുതൽ 26 വരെ വായനവാരാചരണത്തിന്റെ ഭാഗമായി LP, UP, HS വിദ്യാർത്ഥികൾക്കായി വ്യത്യസ്ത പരിപാടികളാണ് സംഘടിപ്പിച്ചത്. മലയാളം, അറബി, ഉറുദു, ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ നടന്നു. LP, UP ക്ലാസുകളിൽ ക്ലാസ് ലൈബ്രറി സജ്ജീകരിച്ചു. പുസ്തകം പരിചയപ്പെടുത്തി ക്ലാസുകളിൽ വായനാനുഭവം പങ്കുവെച്ചു. HS, UP ക്ലാസുകളിലെ കുട്ടികൾക്ക് സ്കൂൾ ലൈബ്രറി അംഗത്വ കാർഡ് വിതരണവും പുസ്തക വിതരണവും തുടങ്ങി. കയ്യെഴുത്ത്, വായന, ക്വിസ്, അടിക്കുറിപ്പ്, ഉപന്യാസ രചന, കഥാരചന, കവിതാരചന, കേട്ടെഴുത്ത്, പദ്യപാരായണം തുടങ്ങിയ മത്സരങ്ങൾ നടത്തി വിജയികളെ അസംബ്ലിയിൽ സമ്മാനം നൽകി അഭിനന്ദിച്ചു.

### ലോക ലഹരി വിരുദ്ധദിനം

ജൂൺ 26 ലോകലഹരിവിരുദ്ധദിനത്തോടനുബന്ധിച്ച് സ്കൂളിൽ വിവധ പരിപാടികൾ അരങ്ങേറി. ലഹരി വിരുദ്ധ പ്രതിജ്ഞ, റാലി, ഗാനം, ലഹരി വിരുദ്ധ സന്ദേശങ്ങൾ-ചുമരെഴുത്ത്, ഫ്ലാഷ് മോബ്, സെൽഫി കോർണർ, ഷോർട്ട് ഫിലിം പ്രദർശനം എന്നീ പ്രവർത്തനങ്ങളിൽ കുട്ടികൾ സജീവമായി പങ്കെടുത്തു. വേങ്ങര എസ് ഐ ശ്രീ. സുരേന്ദ്രൻ വി ബോധവത്കരണ ക്ലാസ് എടുത്തു. സ്കൂൾ അങ്കണത്തിലും വേങ്ങര ബസ് സ്റ്റാന്റിലും ഫ്ളാഷ് മോബ് അവതരിപ്പിച്ചു. സമീപപ്രദേശത്തുള്ള കടകളിൽ എസ് പി സി, ജെ ആർ സി കേഡറ്റുകൾ ലഹരിവിരുദ്ധ ബോധവത്കരണം നടത്തി. സ്പോർട്സ് കൗൺസിലിന്റെ നേതൃത്വത്തിൽ ലഹരിക്കെതിരെ സ്പോർട്സ് എന്ന വിഷയവുമായി ബന്ധപ്പെട്ട് നടന്ന ക്വിസ് മത്സരത്തിൽ 10 ഡി ക്ലാസ്സിലെ നിഹാരിക പ്രിയേഷ്, അനന്യ എസ് എന്നീ വിദ്യാർത്ഥിനികൾ സ്കൂളിനെ പ്രതിനിധീകരിച്ച് പങ്കെടുത്തു.

### പുതിയ എച്ച് എം ചാർജെടുത്തു

മുൻ എച്ച് എം ജ്യോതി ടീച്ചർ സ്ഥലം മാറിപ്പോയ ഒഴിവിൽ ശ്രീമതി ഗീത ടീച്ചർ സ്ഥാനമേറ്റു



### ഫുട്ബോൾ ഫ്രൈഡേ

എല്ലാ വെള്ളിയാഴ്ചയും ഉച്ചയ്ക്ക് ഒരു മണി മുതൽ 2 മണി വരെ പത്താം ക്ലാസിലെ കുട്ടികൾക്കായി ഫുട്ബോൾ മാച്ച് നടത്തുന്നു. കായികാധ്യാപകൻ സോസിം മാഷിന്റെ നേതൃത്വത്തിൽ ആഗസ്റ്റ് 1 വെള്ളിയാഴ്ച മാച്ചിന് തുടക്കം കുറിച്ചു.

### പ്രേംചന്ദ് അനുസ്മരണം

ജൂലൈ 31 പ്രേംചന്ദ് അനുസ്മരണദിനത്തോടനുബന്ധിച്ച് ഹിന്ദി ക്ലബ് വിവിധ പരിപാടികൾ നടത്തി. ഹിന്ദി അസംബ്ലിയിൽ വെച്ച് പ്രേംചന്ദ് പതിപ്പ് പ്രധാനധ്യാപിക ശ്രീമതി ഗീത ടീച്ചർ പ്രകാശനം ചെയ്തു. ഹിന്ദി അധ്യാപിക നിഷിധ ടീച്ചർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

### കൗമാരക്കാർക്ക് ബോധവൽക്കരണം

ടീൻസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ 18/7/25ന് 9,10 ക്ലാസിലെ കുട്ടികൾക്ക് ടീനേജ് ബോധവത്ക്കരണ ക്ലാസ് നടത്തി. 30-7-25 ന് 7,8,9 ക്ലാസിലെ പെൺകുട്ടികൾക്ക് മെൻസ്ട്രൽ ഹെൽത്ത് ആൻഡ് ഹൈജീൻ എന്ന വിഷയത്തിലും ക്ലാസ് സംഘടിപ്പിച്ചു. വേങ്ങര ആരോഗ്യ കേന്ദ്രത്തിലെ അഡോൾസെന്റ് ഹെൽത്ത് കൗൺസിലർ ശ്രീമതി വർഷ മേനോൻ ക്ലാസുകൾ കൈകാര്യം ചെയ്തു.

## ക്ലബ്ബ് ഉദ്ഘാടനം



സ്കൂളിലെ വിവിധ ക്ലബ്ബുകളുടെ ഉദ്ഘാടനം 2025 ജൂലൈ 16ന് സ്കൂൾ മെയിൻ ഹാളിൽ വച്ച് പ്രശസ്ത നാടകകൃത്തും ഷോർട്ട് ഫിലിം ഡയറക്ടറുമായ പ്രവീൺ കോട്ടയ്ക്കൽ നിർവ്വഹിച്ചു. പാട്ടും കളിയുമായി കുട്ടികളെ ആവേശത്തേരിലെത്തിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു.

## ക്രിയേറ്റീവ് കോർണർ, ഏകദിന ശില്പശാല



GMVHSS VENGARA TOWN ലെ ക്രിയേറ്റീവ് കോർണറിന്റെ ഭാഗമായി 10/06/25, ചൊവ്വാഴ്ചഏകദിന ശില്പശാല സ്കൂൾ മെയിൻ ഹാളിൽ വെച്ച് നടന്നു. ദിവ്യ ടീച്ചർ സ്വാഗത പ്രസംഗം നടത്തി. ബഹുമാനപ്പെട്ട HM ശ്രീമതി ഗീത ടീച്ചർ പരിപാടി ഉദ്ഘാടനം ചെയ്തു. ബിആർസിയിലെ ശ്രീ. നൗഷാദ് ,ശ്രീമതി രമ്യ എന്നിവരാണ് ക്ലാസിന് നേതൃത്വം നൽകിയത്. യുപി വിഭാഗത്തിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട 30 കുട്ടികൾ പങ്കെടുത്ത പരിപാടിയിൽ അഞ്ച് കിലോഗ്രാം ഭാരം താങ്ങുന്ന മേശ നിർമ്മിക്കുന്നതിലാണ് പരിശീലനം നൽകിയത്. 5 ഗ്രൂപ്പുകളായി കുട്ടികളെ തിരിച്ചതിനുശേഷം അവർക്ക് ഇഷ്ടമുള്ള മേശയുടെ രൂപം വരയ്ക്കാൻ ആവശ്യപ്പെടുന്നു. തുടർന്ന് ഫോം വുഡ് , ഫ്ലക്സ്ക്വിക്ക്, പെൻസിൽ ,സ്കെയിൽ, പേപ്പർ കട്ടർ (Big sized) എന്നിവ ഉപയോഗിച്ച് വ്യത്യസ്തമായ ആകൃതിയിലുള്ള 5 മേശകൾ കുട്ടികൾ നിർമ്മിച്ചു. ഓവൽ, വൃത്തം, ചതുരം, ദീർഘചതുരം, ത്രികോണം, എന്നീ രൂപങ്ങളിലുള്ള മേശകളാണ് നിർമ്മിച്ചത്. തുടർന്ന് ഓരോ ഗ്രൂപ്പുകളും അവർ നിർമ്മിച്ച മേശയുടെ മേന്മകൾ അവതരിപ്പിച്ചു. ഫോട്ടോ സെഷനു ശേഷം സമാപന പരിപാടിയിൽ എച്ച് എം, മറ്റ് അധ്യാപകരും പങ്കെടുത്തു. മുംതാസ് ടീച്ചർ പരിപാടിയ്ക്ക ഔപചാരികമായി നന്ദി അർപ്പിച്ച്

## വെളിച്ചം



കുട്ടികളിൽ വായനശീലം വർദ്ധിപ്പിക്കുന്നതിന് മാധ്യമം പത്രത്തിൻറെ വെളിച്ചം പദ്ധതി നമ്മുടെ സ്കൂളിൽ ആരംഭിച്ചു. എച്ച് എം ന്റേയും പി ടി എ പ്രസിഡന്റിന്റെയും സാന്നിധ്യത്തിൽ മാധ്യമം വേങ്ങര ബ്രാഞ്ച് മാനേജർ പത്രം സ്കൂളിന് കൈമാറി

## LED ബൾബ് നിർമ്മാണ പരിശീലനം

സയൻസ് ക്ലബ്ബിൻറെ ആഭിമുഖ്യത്തിൽ സ്കൂൾ കുട്ടികൾക്ക് LED ബൾബ് നിർമ്മാണ പരിശീലനം സംഘടിപ്പിച്ചു. സ്കൂൾ സയൻസ് ലാബിൽ വച്ച് നടന്ന പരിപാടി പ്രധാനധ്യാപിക ശ്രീമതി ഗീത ടീച്ചർ ഉദ്ഘാടനം ചെയ്തു. Mascot Academy യിലെ ട്രൈനർ ശ്രീ. അജ്മൽ പരിശീലനം നൽകി.

## താരോദയം



കേരള സ്റ്റേറ്റ് ഖേലോ ഇന്ത്യ വാക്കോ കിക്ക് ബോക്സിംങ് ചാമ്പ്യൻഷിപ്പിൽ മലപ്പുറം ജില്ലയെ പ്രതിനിധീകരിച്ച് മത്സരിച്ച് റൈസ പാലേരി വെങ്കല മെഡൽ കരസ്ഥമാക്കി. വേങ്ങര M FA ഇന്റർ നാഷണൽ അക്കാദമിയിലെ മുഹമ്മദ് ഫാസിൽ , നൗറുദ്ദീൻ എന്നിവരുടെ ശിക്ഷണത്തിലാണ് മത്സരത്തിനിറങ്ങിയത്.

## പാദവാർഷിക പരീക്ഷ

**1മുതൽ 10 വരെ ക്ലാസുകളിലെ പാദവാർഷിക പരീക്ഷ ആഗസ്റ്റ് 18 ന് തുടങ്ങി 26 ന് അവസാനിക്കും. 29 ന് ഓണാഘോഷം .**

| | 18/08/25 | | 19/08/25 | | 20/08/25 | | 21/08/25 | | 22/08/25 | | 25/08/25 | | 26/08/25 | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| CLASS | FN | AN | FN | AN | FN | AN | FN | AN | FN | AN | FN | AN | FN | AN |
| 8 | | A/ M/ U | | ENG | | HIN | | MATHS | SS | ART | | MAL2 | | SCIENCE |
| | | | | | | | | | | | | | | |
| 9 | SS | | ENG | ART | HIN | BIO | MATHS | | | MAL2 | CHE | PHY | FA/ M/ U | |
| | | | | | | | | | | | | | | |
| 10 | ENG | | MATHS | | A/M/U | | SS | HIN | MAL2 | | PHY | | CHE | BIO |

## സ്കൂൾ പാർലമെൻറ് തെരഞ്ഞെടുപ്പ്

സ്കൂൾ പാർലമെൻറ് തെരഞ്ഞെടുപ്പ് വിജ്ഞാപനം പുറത്തിറക്കി. ആഗസ്റ്റ് 7 നാണ് തെരഞ്ഞെടുപ്പ്. ഇലക്ഷൻ കമ്മീഷണർ ഫൈസൽ സാറിന്റെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ജനാധിപത്യ പ്രക്രിയ കുട്ടികളിലേക്ക് എത്തിക്കുക എന്നതാണ് ലക്ഷ്യം

## സ്കൂൾ സുരക്ഷ

സ്കൂൾ സുരക്ഷ സമിതി യോഗം 29-07-25 ൽ ഹെഡ്മിസ്ട്രെസിന്റെ അധ്യക്ഷതയിൽ ചേർന്നു. അഗ്നിശമനസേനയിൽ നിന്നുള്ള പ്രതിനിധി, പഞ്ചായത്ത് വാർഡ് മെമ്പർ, അധ്യാപക പ്രതിനിധികൾ എന്നിവർ യോഗത്തിൽ പങ്കെടുത്തു. സ്കൂളിലെ പിൻവശത്ത് അപകട ഭീഷണിയിൽ നിൽക്കുന്ന മരം മുറിക്കാൻ തീരുമാനിച്ചു. സ്കൂളിന് മുൻവശത്ത് sign ബോർഡ് സ്ഥാപിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ കൈ കൊള്ളാൻ പഞ്ചായത്ത് മെമ്പർ സലീം എ കെ യെ ചുമതലപ്പെടുത്തി. 4-8-25 ന് ഡി ഇ ഒ സംഘം സ്കൂൾ സന്ദർശിച്ചു.

## RED DAY CELEBRATION

കെ ജി കുട്ടികളുടെ പഠന പ്രവർത്തനമായി 5/6/25 ന് റെഡ് ഡെ ആഘോഷിച്ചു. ചുവപ്പിൽ ലയിച്ച പശ്ചാത്തലത്തിൽ പ്രധാനധ്യാപിക ഗീത ടീച്ചർ കേക്ക് മുറിച്ച് ആഘോഷം ഉദ്ഘാടനം ചെയ്തു. PTA പ്രസിഡൻറ് ഫൈസൽ എ കെ , SMC ചെയർമാൻ , അധ്യാപകർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.





ജി എച്ച് എസ് കുറുകയിൽ പുതിയ കെട്ടിടത്തിന്റെ തറക്കല്ലിടൽ ചടങ്ങിൽ നമ്മുടെ ബാൻറ് ടീം കുഞ്ഞാലിക്കുട്ടി സാഹിബിനൊപ്പം

## അനുഭവം ഓർമ്മ യാത്ര

### പുസ്തക പരിചയം

ജീവിതവും മരണവും ചൂതുകളിച്ച ജന്മങ്ങളുടെ അനുഭവങ്ങൾ വളരെ രസകരമായി അവതരിപ്പിക്കുകയാണ് പ്രശസ്ത നോവലിസ്റ്റ് ബെന്യാമിൻ തന്റെ അനുഭവം ഓർമ്മ യാത്ര എന്ന കൃതിയിലൂടെ. തോറ്റു പോയവന്റെ ആത്മപ്രതി കറിപ്പുകൾ, എഴുത്തിന്റെ നിയോഗവും വഴിയും, അരാഷ്ട്രീയ കാലത്തെ എഴുത്തുകാരന്റെ തിരഞ്ഞെടുപ്പ് അനുഭവങ്ങൾ എന്നിങ്ങനെ മൂന്ന കരിപ്പുകൾ ആണ് അനുഭവത്തിൽ .

10 ഓർമ്മക്കുറിപ്പുകളിൽ എംടിയും പത്മനാഭനും കാക്കനാടനും ഷെൽവിയും ഒക്കെ കടന്നു വരുന്നു. ഇസ്രായേൽ അനുഭവം ചരിത്രവും, ഖുമ്റാൻ ജനതയും ചാവുകടൽ ചുരുളുകളും എന്നീ ലേഖനങ്ങളാണ് യാത്ര എന്ന വിഭാഗത്തിലൂടെ ബെന്യാമിൻ വായനക്കാരന് മുന്നിൽ പങ്കുവെക്കുന്നത്.

എഴുത്തുകാരന്റെ ഓർമ്മകൾ എന്നതിനപ്പുറം ഒരോ പ്രവാസിയുടെയും മലയാളിയുടെയും കൂടിയാണ് ഇതിലെ ഓരോ ഓർമ്മകളും അനുഭവങ്ങളും. ഓർമ്മകൾ ഹൃദയവികാരങ്ങളും അവൻറെ ഉൾക്കൊള്ളലുകളും കൂടിച്ചേർന്നിടത്താണ് ഈ രചനയുടെ പൂർണ്ണത വായനക്കാരന് ഹൃദ്യമാകുന്നത് .

അമല എസ് 7D

## മണ്ണിൽ വിരിഞ്ഞ വർഷമേഘങ്ങൾ

കാലമേ നിന്റെ സഹയാത്രികയായ് പോരുന്നു ഞാനും കൂടെ
പെയ്തിറങ്ങിയ മഴയിൽ കുളിച്ച് സുന്ദരിയായ്..
മഞ്ഞിൻ പുതപ്പണിഞ്ഞു ആർദ്രമായ് തഴുകി
വസന്തത്തിൽ വിരുന്നെത്തും പൂക്കൾ നിൻ മടിയിൽ
ഒടുവിൽ പൊള്ളുന്ന വെയിലിൽ പൊഴിയാൻ തുടങ്ങി
കരിയിലകളങ്ങനെ കാറ്റിൽ പറന്നു..
തെളിനീരുവറ്റി വരണ്ടൊരു മണ്ണും വിരഹത്താൽ വിതുമ്പും
പ്രണയിനിയുടെ മനസും
എങ്കിലും കാലമേ കാത്തിരുന്നിടാം തിരിച്ചുനൽകീടുമോ ഇത്തിരി
സ്നേഹത്തിൻ നനവെങ്കിലും....

നജ്മ ബിൻസി
HST Physical Science

## ഫുഡ് ഫെസ്റ്റ്



അഞ്ചാം ക്ലാസിലെ പീലിയുടെ ഗ്രാമം എന്ന പാഠഭാഗത്തെയും 7-ാം ക്ലാസിലെ ദോസ്ത് എന്ന ഉറുദു പാഠഭാഗത്തെയും ആസ്പദമാക്കി ഫുഡ് ഫെസ്റ്റ് നടത്തി. വവിധ ഭക്ഷണസംസ്കാരം മനസ്സിലക്കാൻ പ്രവർത്തനം സഹായിച്ചു .

## അഡൈ്വസറി കമ്മിറ്റി

സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ് അഡൈ്വസറി കമ്മിറ്റി രൂപീകരിച്ചു. എച്ച് എം ന്റെ അധ്യക്ഷതയിൽ ചേർന്ന ആദ്യമീറ്റിംഗിൽ പിടിഎ പ്രസിഡൻറ് ഫൈസൽ എ.കെ, മറ്റു പ്രതിനിധികൾ എന്നിവർ പങ്കെടുത്തു. അനീറ്റ ടീച്ചറാണ് SPG കൺവീനർ.

## SPC day special program

SPC day അനുബന്ധിച്ച് വേങ്ങര ഗേൾസ് സ്കൂളിൽ Drill Instructer ടെ നേതൃത്വത്തിൽ പ്രത്യേക പരേഡ് നടത്തി. D I Sindhuja mam SPC പതാക ഉയർത്തി. SPC സ്പെഷ്യൽ പ്രതിജ്ഞ എടുത്തു. കേഡറ്റുകൾക്ക് DI trafic നെ കുറിച്ചുള്ള കാര്യങ്ങൾ പറഞ്ഞ് കൊടുത്തു. spc ദിനത്തോടനുബന്ധിച്ച് നടത്തിയ ക്വിസ് മത്സരവിജയികൾക്ക് HM, DI ചേർന്ന് ഉപഹാരം നൽകി. നിഷിത മിസ് ജൂനിയർ കേഡറ്റുകൾക്ക് ഡയറി വിതരണം ചെയ്തു. കലാപരിപാടികളോട് കൂടി program അവസാനിച്ചു

## കുട്ടികൾക്കൊരു ബാങ്ക്

കുട്ടികളിലെ സമ്പാദ്യശീലം വളർത്തുന്നതിനായി ദേശീയ സമ്പാദ്യ പദ്ധതി- സഞ്ചയിക നമ്മുടെ സ്കൂളിലും ആരംഭിച്ചു. മാസത്തിലൊരിക്കൽ കുട്ടികൾക്ക് തങ്ങളുടെ അക്കൗണ്ടിൽ പണമടയ്ക്കാവുന്നതാണ്.